# Desabhimani

# 31 August 2018

# Thiruvananthapuram, After Flood, Flood Damage Footage

## പ്രളയക്കെടുതിദൃശ്യങ്ങൾ സർക്കാരിന് നൽകാം

**തിരുവനന്തപുരം**

പ്രളയക്കെടുതികളുടെ, ആർക്കൈവ്സ് മൂല്യമുള്ള ഫോട്ടോകളും വീഡിയോകളും സർക്കാരിന് സംഭാവനയായി നൽകാം. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സ്റ്റേറ്റ് വീഡിയോ ആർക്കൈവ്സിൽ സൂക്ഷിക്കുന്നതിനായാണ് സർക്കാർ ഇവ ശേഖരിക്കുന്നത്. ഡാമുകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട ദൃശ്യങ്ങൾ, കരകവിഞ്ഞും ഗതിമാറിയും ഒഴുകുന്ന പുഴകൾ, ഉരുൾപൊട്ടലുകൾ, വെള്ളപ്പൊക്കം, തകർന്നതോ വെള്ളത്തിൽ മുങ്ങിയതോ ആയ റോഡുകൾ, പാലങ്ങൾ, കേടുപറ്റിയതോ, വെള്ളം കയറിയതോ ആയ ആരാധനാലയങ്ങൾ, പ്രധാന സ്ഥാപനങ്ങൾ, രക്ഷാപ്രവർത്തനങ്ങൾ, റിലീഫ് ക്യാമ്പുകൾ, ശുചീകരണപ്രവർത്തനങ്ങൾ മുതലായവയുടെ ദൃശ്യങ്ങളാണ് ആർക്കൈവ് ചെയ്യുന്നത്. മൊബൈൽ ഫോണുകളിൽ എടുത്തവയുമാകാം.

മാധ്യമസ്ഥാപനങ്ങൾ, ഫോട്ടോഗ്രാഫർമാർ, വീഡിയോഗ്രാഫർമാർ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ഹാർഡ് ഡിസ്ക്, ഡിവിഡി മുതലായവകളിലാക്കി ഇവ സമർപ്പിക്കാം. www.keralaflood2018prd@gmail.com ഈ മെയിൽ വിലാസത്തിൽ ട്രാൻസ്ഫർ ചെയ്യുകയുമാകാം. ഫോട്ടോകൾക്കും വീഡിയോകൾക്കും അവ എന്തെന്ന് വ്യക്തമാക്കുന്ന കുറിപ്പ്, സംഭവസ്ഥലം, തീയതി, സമയം എടുത്ത വ്യക്തിയുടെ പേര് എന്നിവ അനിവാര്യമാണ്. അവസാനതീയതി സെപ്തംബർ10.